സെയിൽസ് ടാക്സ് ചെക്ക്പോസ്റ്റുകൾ സ്ഥാപിക്കാൻ നടപടി

*14 [218] ശ്രീ. ടി. പി. എം. സാഹിർ:
,, പി. കെ. കെ. ബാവ:
,, കളത്തിൽ അബ്ദുള്ള:
,, സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്കുള്ള എല്ലാ റോഡുകളിലും സെയിൽടാക്സ് ചെക്ക്പോസ്റ്റുകൾ സ്ഥാപിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എത്ര റോഡുകളിൽ ചെക്ക്പോസ്റ്റുകൾ സ്ഥാപിക്കാനുണ്ട്;

(സി) ഇതുമൂലമുള്ള റവന്യൂ നഷ്ടം കണക്കാക്കിയിട്ടുണ്ടോ;

(ഡി) ഈ റോഡുകളിൽ ചെക്ക്പോസ്റ്റുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ) തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് പ്രവേശിക്കുന്ന പ്രധാനപ്പെട്ടതും, ചരക്കു ഗതാഗതം പ്രധാനമായും ഉള്ളതുമായ എല്ലാ റോഡുകളിലും വിൽപ്പന നികുതി ചെക്ക് പോസ്റ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. പുതുതായി ഇടവഴികൾ വരുന്നതായുള്ള അറിവു ലഭിക്കുമ്പോൾ താൽക്കാലിക ചെക്ക്പോസ്റ്റുകൾ സ്ഥാപിക്കുകയും മൊബൈൽ സ്ക്വാഡുകളെ നിയമിക്കുകയും ചെയ്യാറുണ്ട്.

(ബി) പുതിയ റോഡുകൾ നിലവിൽ വരുമ്പോൾ താൽക്കാലിക ചെക്ക് പോസ്റ്റുകൾ സ്ഥാപിക്കുകയും മൊബൈൽ സ്ക്വാഡുകളുടെ പരിശോധന നടത്തുകയും ചെയ്യുന്നുണ്ട്. 2003-2004 ധനകാര്യ വർഷത്തിൽ വാണിജ്യ നികുതി വകുപ്പിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു കമ്മിറ്റി രൂപീകരിക്കുകയും കമ്മിറ്റിയുടെ റിപ്പോർട്ട് അനുസരിച്ച് കൂടുതൽ ചെക്ക്പോസ്റ്റുകളും മൊബൈൽ സ്ക്വാഡുകളും പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുകയുമാണ്.

(സി) റവന്യൂ നഷ്ടം ഉണ്ടാകാതിരിക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

(1) എൻഫോഴ്സ്മെന്റ് ജോയിന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ ഇന്റലിജൻസ് വിഭാഗവും, അന്വേഷണ വിഭാഗവും പ്രവർത്തിക്കുന്നു. ഇവർ ഇടവഴികളിൽ മിന്നൽ പരിശോധന നടത്തി റവന്യൂ നഷ്ടം തടയുന്നു.

(2) സ്ഥിരം ചെക്ക്പോസ്റ്റുകൾക്ക് സമാന്തരമായ ഇടറോഡുകളിൽ താൽക്കാലിക ചെക്ക്പോസ്റ്റുകൾ സ്ഥാപിച്ച് അതുവഴി കടന്നുപോകുന്ന വാഹനങ്ങളും പരിശോധിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(3) സംസ്ഥാന അതിർത്തികളിൽ 24 മണിക്കൂറും ഇന്റലിജൻസ് സ്കാഡും പ്രവർത്തിക്കുന്നു.

(ഡി) പുതുതായി ഇടവഴികൾ പ്രാബല്യത്തിൽ വരുമ്പോൾ അവയെക്കുറിച്ച് അന്വേഷിക്കുകയും, റവന്യൂ നഷ്ടം ഉണ്ടാകാതിരിക്കുവാൻ താൽക്കാലിക ചെക്ക് പോസ്റ്റുകൾ സ്ഥാപിക്കുന്നു. കൂടുതൽ ചെക്ക്പോസ്റ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

"വാനില കൃഷി"

*15 [219] ശ്രീ. ഷിബു ബേബിജോൺ:
,, ജോണി നെല്ലൂർ:
,, കെ. കെ. ഷാജു:
,, എ. എൻ. രാജൻ ബാബു:
,, ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാനില കൃഷിക്ക് പ്രചാരം വർദ്ധിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വാനില കൃഷി പ്രോത്സാഹിപ്പിക്കുവാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(സി) വാനില കൃഷി ഗവേഷണ വ്യാപന കാര്യങ്ങളിൽ സ്പൈസസ് ബോർഡുമായി ചേർന്നുള്ള പദ്ധതികൾ നടപ്പാക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) വാനിലയ്ക്ക് സ്ഥിരമായ വിപണിയും വിലനിലവാരവും ഉറപ്പു വരുത്തുന്നതിനും കുത്തകകളുടെ സ്വാധീനത്തിൽ നിന്നും വിപണിയെ വിമുക്തമാക്കുന്നതിനും സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ ഗൗരിയമ്മ):

(എ) ഉണ്ട്.

(ബി) വാനില നടീൽ വസ്തുക്കളുടെ അപര്യാപ്തത കണക്കിലെടുത്ത് 2004-2005 വർഷത്തിൽ 'സുഗന്ധവിള വികസനം' എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി വേര് പിടിപ്പിച്ച വാനില തൈകളും, ടിഷ്യൂ കൾച്ചർ വാനില തൈകളും ഉൽപ്പാദിപ്പിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ഈ പദ്ധതിക്കായി 28.97 ലക്ഷം നീക്കിവച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) നിലവിൽ പദ്ധതികളൊന്നുംതന്നെയില്ല.

LIBRARY ARCHIVES Kerala Legislative Assembly